**വിവരാവകാശം / മറുപടി**

നമ്പർ: D1-00742/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 17-1-2017.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ,
എറണാകുളം.

സർ,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശ നിയമം 2005 - വിവരങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്-

സൂചന:
1) ശ്രീ. ടി.കെ.യൂസഫിന്റെ 11.1.17ൽ ഈ കാര്യാലയത്തിൽ ലഭ്യമായ വിവരാവകാശ അപ്പീൽ അപേക്ഷ.
2) ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 20.12.16ലെ SW-2-3631/16 നമ്പർ വിവരാവകാശ മറുപടി.
3) സാമൂഹ്യനീതി ഡയറക്ടറുടെ 11.8.2008ലെ C2/11684/08 നമ്പർ ഉത്തരവ്.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിയ്ക്കുന്നു. ശ്രീ. ടി.കെ.യൂസഫിന്റെ വിവരാവകാശ അപ്പീൽ അപേക്ഷ സൂചന നമ്പർ (1) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ സൂചന നമ്പർ (2) പ്രകാരമുള്ള മറുപടി കത്തിൽ അപ്പലേറ്റ് അതോറിറ്റിയുടെ വിലാസം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ 5- ാം നില തിരുവനന്തപുരം എന്നാണ് നൽകിയിരിക്കുന്നത്. എന്നാൽ സൂചന നമ്പർ 3 പ്രകാരമുള്ള ഉത്തരവിൽ എറണാകുളം മേഖലയിലെ സാമൂഹ്യനീതി ഓഫീസർമാരുടെ തീരുമാനങ്ങൾ തൃപ്തികരമല്ലെങ്കിൽ ആയതിനുള്ള അപ്പീലുകൾ സ്വീകരിക്കുന്നതിനു സാമൂഹ്യനീതി ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.ടി.കെ.യൂസഫിന്റെ വിവരാവകാശ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ താങ്കളുടെ പക്കൽ ലഭ്യമാണെങ്കിൽ ആയത് അപേക്ഷകന് സമയബന്ധിതമായി നേരിട്ട് നൽകേണ്ടതും പകർപ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണെന്നും അറിയിക്കുന്നു. അപേക്ഷയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

db@17